## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 1257 | 11.06.2019-ൽ<br>മറുപടിക്ക് |

**<u>കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.ഡി.പ്രസേനൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടത്തിനുള്ള സ്ഥലം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യവ്യക്തിയുമായുള്ള കേസിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിൽ തർക്കം നിലവിലില്ല. എന്നാൽ സബ് രജിസ്ട്രാർ ഓഫീസ് മുൻപ് നിലനിന്നിരുന്ന സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾക്കെതിരെ പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ ഉടമ ആലത്തൂർ മുൻസിഫ് കോടതിയിൽ OS 191/17 നമ്പറായി ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയെ രജിസ്ട്രേഷൻ വകുപ്പ് എതിർക്കുകയും, വകുപ്പിന് അനുകൂലമായി വിധി വന്നിട്ടുള്ളതുമാണ്. ടി വിധിക്ക് എതിരെ പാലക്കാട് ഫാസ്റ്റ് ട്രാക്ക് III കോടതിയിൽ ടിയാൻ ഫയൽ ചെയ്ത CMA 101/17 നമ്പറായി അപ്പീലിലും രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായി കോടതി വിധി ഉണ്ടായിട്ടുള്ളതാണ്.<br>Land Assignment Rules, 1964 പ്രകാരം Beneficial Enjoyment-നായി വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കുകയും, പ്രസ്തുത അപ്പീലിൽ സർക്കാർ തീരുമാനം വരുന്നതിന് മുൻപ് കെട്ടിട നിർമ്മാണം |

ആരംഭിക്കുന്നതിനെതിരെ ബഹു.ഹൈക്കോടതിയിൽ WP(C) 32911/2018 നമ്പറായി ഹർജി ഫയൽ ചെയ്യുകയുമുണ്ടായി. ഈ ഹർജിയിൽ ടിയാന്റെ അപേക്ഷയിന്മേൽ മൂന്നോ നാലോ മാസത്തിനകം സർക്കാർ അന്തിമതീരുമാനം എടുക്കേണ്ടതാണെന്നും, അതുവരെ തൽസ്ഥിതി തുടരേണ്ടതാണെന്നും കോടതി വിധിച്ചിരുന്നു. ടിയാന്റെ അപ്പീൽ അപേക്ഷ സർക്കാർ പരിശോധിക്കുകയും, നിരസിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**